


# ബുക്ക്മാർക്ക്

**ഈ പരിശീലന പാഠത്തിൽ നിങ്ങൾ നല്ലൊരു ബുക്ക്മാർക്ക് എങ്ങനെ ഉണ്ടാക്കാമെന്നു പഠിക്കും.**




പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നവർക്കും, പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നവരുടെ കൂട്ടുകാർക്കും, സർഗ്ഗാത്മകതയെ തിരയുന്നവർക്കും... ഈ പ്രോജെക്ട് കൂടുതൽ പോയിന്റ് നേടിത്തരാൻ പോകുകയാണ്... ഇത് എളുപ്പവും സന്തോഷപ്രദവുമാണ്... ഈ പരിശീലന പാഠത്തിൽ ഒരു സുന്ദരമായ ബുക്ക്മാർക്ക് ഉണ്ടാക്കുന്നതെങ്ങനെയെന്ന് നിങ്ങൾ പഠിക്കും... നിങ്ങൾ വായന പോലെ തന്നെ തയ്യലും ഇഷ്ടപ്പെടുന്ന ഒരാളാണെങ്കിൽ അത് വളരെ നല്ലത് തന്നെ...

ഈ ബുക്ക്മാർക്ക് ഉണ്ടാക്കാൻ നിങ്ങൾക്ക് വേണ്ടവയാണ്... എയിറ്റ് ബൈ വൺ ആന്റ് ഹാഫ് ഇഞ്ച് പീസ് ഫെൽറ്റ്... നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു വർണ്ണാഭമായ പാച്ച്... കുറച്ച് പിന്നുകൾ... നൂല്... മാർക്കർ... ഒരു മെഷറിംഗ് സ്കെയിൽ... പിന്നെ പിങ്കിംഗ് ഷിയേഴ്സ്... ഫെൽറ്റിന്റെ അരികുകൾ പിങ്കിംഗ് ഷീയർ കൊണ്ട് മുറിക്കുക... ഇത് സിഗ്-സാഗ് അരിക് നൽകും... നല്ല ഡിസൈൻ എലമെന്റ് തരുന്നതിനോടൊപ്പം തുണി തേഞ്ഞു പോകുന്നത് ഇത് തടയുന്നു... തുണിയുടെ നടുവിലൂടെ ഒരു വര വരയ്ക്കുക... പുഷ്പാകൃതിയിലുള്ള പാച്ച് തുണിയുടെ മുകളിൽ പിന്ന് ഉപയോഗിച്ച് ഉറപ്പിക്കുക... തുന്നി തുടങ്ങാൻ സമയമായി.

മെഷീൻ തയ്യാറാക്കുക... പാറ്റേൺ സിലെക്ടർ സി-യിലേയ്ക്കു തിരിക്കുക.
സ്റ്റിച്ച് ലെംഗ്ത് സിലെക്ടർ 'എസ് എസ്' മോഡിലേയ്ക്ക് തിരിയ്ക്കുക.



പാച്ച് എത്തുന്നതു വരെ അടയാളപ്പെടുത്തിയ വരയിലൂടെ തയ്ക്കുക... ഡിസൈൻ എടുത്തു കാണിക്കാൻ കോൺട്രാസ്റ്റിംഗ് കളറിലുള്ള നൂൽ ഉപയോഗിച്ച് തയ്ക്കുക.

സ്റ്റിച്ചിംഗ് പാറ്റേൺ മാറ്റാനായി സൂചി മുകളിലേയ്ക്ക് ഉയർത്തുക... സ്റ്റിച്ച് പാറ്റേൺ സിലെക്ടർ 'ഏ'–യിലേയ്ക്ക് തിരിയ്ക്കുക... സിറ്റിച്ച് ലെംഗ്ത് സിലെക്ടർ 'എസ് എസ്' മോഡിൽ തന്നെ തുടരട്ടെ.

നിങ്ങൾ നിർത്തിയിടത്തു നിന്നു തന്നെ തയ്ച്ചു തുടങ്ങുക. പിന്ന് നീക്കം ചെയ്തിട്ട് പാച്ചിന്റെ മധ്യഭാഗം വരെ തയ്ക്കുക. സൂചി ഉയർത്തി രണ്ട് അറ്റത്തും അധികമായി വന്ന നൂൽ മുറിച്ച് മാറ്റുക. നോക്കൂ... നിങ്ങളുടെ ബുക്ക്മാർക്ക് തയ്യാറായി കഴിഞ്ഞു.




ഞങ്ങൾ പുഷ്പാകൃതിയിലുള്ള ഒരു പാച്ചാണ് തിരഞ്ഞെടുത്തത്... നിങ്ങൾക്ക് ഇഷ്ടമുള്ള പാച്ച് തിരഞ്ഞെടുക്കുകയോ സൃഷ്ടിക്കുകയോ ആകാം... ഉദാഹരണത്തിന് ഒരു വലിയ ചതുരവും ചെറിയ ചതുരവും ആലങ്കാരികമായി വയ്ക്കാം... അതുമല്ലെങ്കിൽ ഒരു സാങ്കല്പിക കഥാപാത്രവുമാകാം... അർത്ഥവത്തായ നിങ്ങളുടെ തത്വ ചിന്തകളുമാകാം... ഇഷ്ടമുള്ളത് എന്തുമാകാം.